**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3728** **26-10-2021 - ൽ മറുപടിയ്ക്ക്**

**കാലിത്തീറ്റയ്ക്ക് സബ്സിഡി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ | | Smt J Chinchurani<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | കോട്ടയ്ക്കൽ മണ്ഡലത്തിൽ ക്ഷീരഗ്രാമം പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് നിവേദനം ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിൻമേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) | ഉണ്ട്. ഈ വർഷം ക്ഷീരഗ്രാമം പദ്ധതി നടപ്പിലാക്കാൻ സർക്കാർ അംഗീകാരം നൽകിയ പഞ്ചായത്തുകളുടെ പട്ടികയിൽ കോട്ടയ്ക്കൽ മണ്ഡലത്തിലെ പഞ്ചായത്തുകൾ ഉൾപ്പെട്ടിട്ടില്ല. |
| (ബി) | കാലിത്തീറ്റയുടെ വില വർദ്ധനവ് മൂലം ക്ഷീര മേഖല നേരിടുന്ന കടുത്ത പ്രതിസന്ധി പരിഹരിക്കുവാൻ സർക്കാർ തലത്തിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (ബി) | കാലിത്തീറ്റ വില വർദ്ധനവ് കാരണം ക്ഷീര കർഷകർ നേരിടുന്ന പ്രതിസന്ധി പരിഹരിക്കുവാനും കോവിഡ് പ്രതിസന്ധിയെ അതിജീവിക്കുന്നതിനും വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്തുടനീളം സബ്സിഡി നിരക്കിൽ കാലിത്തീറ്റ വിതരണം ചെയ്തുവരുന്നു. ഈ വർഷം 2.81 ലക്ഷം ചാക്ക് കാലിത്തീറ്റയാണ് ക്ഷീരകർഷകർക്ക് വിതരണം ചെയ്യുന്നത്. 2.04 ലക്ഷം കർഷകർക്ക് ഇതിന്റെ ഗുണം ലഭിക്കുന്നതാണ്. 11.23 കോടി രൂപയാണ് ഇതിലേയ്ക്കായി വകയിരുത്തിയിട്ടുള്ളത്. |
| (സി) | സബ്സിഡി നൽകി കാലിത്തീറ്റ ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ; | (സി) | പൊതുമേഖലയിലുള്ള കാലിത്തീറ്റ നിർമ്മാണ കമ്പനികളായ കേരള ഫീഡ്സ്, മിൽമ ഫീൽഡ്സ് തുടങ്ങിയ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെയാണ് ക്ഷീരകർഷകർക്ക് സഹായം നൽകിയത്. കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ ക്ഷീരകർഷകർക്കായി 11.23 കോടി രൂപയുടെ 2.81 ലക്ഷം ചാക്ക് കാലിത്തീറ്റ 2.04 ലക്ഷം കർഷകർക്ക് കോവിഡ് പ്രത്യേക കാലിത്തീറ്റ പാക്കേജ് നടപ്പിലാക്കിവരുന്നു. ക്ഷീരസംഘങ്ങളിൽ പാലളക്കുന്ന ക്ഷീരകർഷകർക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മുഖേന കാലിത്തീറ്റ സബ്സിഡി പദ്ധതിയും നടപ്പിലാക്കിവരുന്നു. |
| (ഡി) | കാലിത്തീറ്റ ക്ഷാമം പരിഹരിക്കുന്നതിനും വിലക്കയറ്റം നിയന്ത്രിക്കുന്നതിനും സ്വീകരിക്കുന്ന നടപടി വ്യക്തമാക്കുമോ? | (ഡി) | സമീകൃത കാലിത്തീറ്റയെ ആശ്രയിച്ചുകൊണ്ടുള്ള പാലുല്പാദനം വളരെ ചെലവേറിയതാണ്. ഇത് കർഷകർക്ക് നഷ്ടമുണ്ടാക്കുന്നു. ഇതിനെ മറികടക്കുക എന്ന ലക്ഷ്യത്തോടെയാണ് ക്ഷീരവികസന വകുപ്പ് |

| | | | |
|---|---|---|---|
| | | | സംസ്ഥാനത്തുടനീളം പുൽകൃഷി പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നത്. തരിശു ഭൂമി കണ്ടെത്തി തീറ്റപ്പുൽകൃഷിയ്ക്കായി ഉപയോഗിക്കാൻ പദ്ധതികൾ നിലവിലുണ്ട്. തീറ്റപ്പുല്ലിനെ ആശ്രയിച്ച് പശുവളർത്തുന്ന കർഷകർക്ക് ലാഭകരമായി പശുവളർത്തൽ മുന്നോട്ട് കൊണ്ടുപോകാൻ കഴിയും. ഈ വർഷത്തെ പദ്ധതികളിൽ സംഘങ്ങൾക്ക് പാരമ്പര്യേതര തീറ്റവസ്തുക്കൾ ഉപയോഗിച്ചുകൊണ്ടുള്ള കാലിത്തീറ്റ നിർമ്മാണത്തിനായുള്ള പദ്ധതി, ക്ഷീരസംഘങ്ങൾ വഴി വൈക്കോൽ ശേഖരിച്ച് ബെയ്ൽ ചെയ്ത് വിപണനം ചെയ്യുന്നതിനുള്ള വൈക്കോൽ ബയ്ലിംഗ് യൂണിറ്റ് എന്നീ രണ്ട് നൂതനപദ്ധതികൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതുവഴി കാലിത്തീറ്റ ക്ഷാമം പരിഹരിക്കുന്നതിനും വിലക്കയറ്റം നിയന്ത്രിക്കുന്നതിനും ഒരു പരിധിവരെ സഹായകമാകും. |

സെക്ഷൻ ഓഫീസർ